(Pages : 3) **S – 1276**

**Reg. No. : .............................**

**Name : .................................**

## Ph.D. ENTRANCE EXAMINATION 2023

## FACULTY OF ORIENTAL STUDIES

## MALAYALAM

Time : 3 Hours Max. Marks : 100

***Instructions*** **:**

1) *Answer* ***any ten*** *questions each from* Section **1** *and* **2.**
2) *Each question carries* **5** *marks.*
3) *No additional Answer sheets will be provided.*
4) *Candidates should clearly indicate the section, Question number in the answer booklet.*

### ഭാഗം – 1

### ഗവേഷണ രീതി ശാസ്ത്രം

I. ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

1. ഗവേഷണരൂപരേഖ എന്നാൽ എന്ത്? അതിന്റെ പ്രധാനഘടകങ്ങൾ എന്തെല്ലാം?

2. ഏകകാലികപഠനവും ബഹുകാലിക പഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? സോദാഹരണം വിശദമാക്കുക.

3. ഗവേഷണത്തിലെ ഗുണപരവും(qualitative) ഗണപരവുമായ(quantitative) രീതികളെ ഉദാഹരണസഹിതം വിശദമാക്കുക.

4. ഗവേഷണത്തിൽ പൂർവ്വ പഠനത്തിനുള്ള പ്രാധാന്യം എന്ത്? അവ സമാഹരിക്കുന്നതെങ്ങനെ?

5. ചിഹ്നവിജ്ഞാനീയം എന്നാൽ എന്ത്? ഭാഷാ-സാഹിത്യ/കലാ-സംസ്കാര പഠനങ്ങളിൽ അതിനുള്ള പ്രാധാന്യം എന്ത്?

6. ഗവേഷണത്തിന്റെ സാമൂഹ്യ പ്രതിബദ്ധത, നൈതികത എന്നിവയെപ്പറ്റി ചർച്ച ചെയ്യുക.

7. ഗവേഷണത്തിൽ ഫീൽഡ് വർക്കിനുള്ള പ്രാധാന്യം എന്ത്? ഫീൽഡ് വർക്കിൽ ഗവേഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

8. പ്രബന്ധരചനയിൽ പാലിക്കേണ്ട പ്രധാന തത്വങ്ങൾ വിശദമാക്കുക.

9. മലയാളഭാഷയിലെയും സാഹിത്യത്തിലെയും അക്കാദമിക ഗവേഷണ ചരിത്രത്തെ പരിചയപ്പെടുത്തുക.

10. രീതിശാസ്ത്രം എന്നാൽ എന്ത്? ഗവേഷണത്തിൽ അതിനുള്ള പ്രാധാന്യം എന്ത്?

11. വിജ്ഞാനസമൂഹത്തിലെ ഭാവി ഗവേഷണം എന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുക.

12. ഒരു ഗവേഷകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?

13. ഭാഷാ-സാഹിത്യ/കലാ-സംസ്കാര മേഖലകളിലെ ഗവേഷണത്തിൽ ഇന്ത്യൻ സിദ്ധാന്തങ്ങൾക്കും സങ്കല്പനങ്ങൾക്കും ഉള്ള സാധ്യതകൾ എത്രത്തോളമാണെന്ന് പരിശോധിക്കുക.

14. മാനവിക വിഷയങ്ങളിലെ ഗവേഷണത്തിന് നവസാങ്കേതികത എത്രത്തോളം പ്രയോജനപ്രദമാണെന്ന് ചർച്ച ചെയ്യുക.

15. അന്തർവൈജ്ഞാനിക സമീപനവും ബഹുവിഷയക സമീപനവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ഉദാഹരണസഹിതം വിശദമാക്കുക.

**(10 × 5 = 50 Marks)**

**ഭാഗം – 2**

**മലയാളം**

II. ഏതെങ്കിലും **10** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും **5** മാർക്ക് വീതം.

1. മണിപ്രവാളകാവ്യങ്ങളിൽ തെളിയുന്ന കാവ്യസംസ്കാരത്തെ സമകാലത്തിൽ വിശകലനം ചെയ്യുക.

2. മലയാള പുതുകവിതയിലെ ഭാഷാപരവും സൗന്ദര്യപരവും സാംസ്കാരികവുമായ വിച്ഛേദങ്ങളെ വിലയിരുത്തുക.

3. മലയാള ചെറുകഥയുടെ ചരിത്രത്തിലും വർത്തമാനത്തിലും ബഷീർ കഥകൾക്കുള്ള സ്ഥാനം വിശദമാക്കുക.

4. മലയാള ചെറുകഥാ സാഹിത്യത്തിൽ സൈബർ കഥകൾ എന്ന് വിളിക്കാവുന്ന ഒരു ഉപവിഭാഗത്തെ കൽപ്പിക്കാൻ കഴിയുമോ? പരിശോധിക്കുക.

5. സി. വി. യുടെ ചരിത്രനോവലുകളിൽ തെളിയുന്ന ജീവിതദർശനത്തെ വിമർശനാത്മകമായി വിലയിരുത്തുക.

6. പ്രാദേശികമായ ചരിത്രത്തിനും സംസ്കാരത്തിനും മലയാള നോവലുകളിൽ പ്രതിരോധത്തിന്റെ സ്വരം ആർജിക്കാൻ സാധിച്ചിട്ടുണ്ടോ? വിലയിരുത്തുക.

7. മലയാളത്തിലെ രാഷ്ട്രീയ നാടകവേദിയുടെ രൂപീകരണത്തെപ്പറ്റി ചർച്ച ചെയ്യുക.

8. തനതു നാടകവേദി ഒരു പരാജയപ്പെട്ട പ്രസ്ഥാനമോ? ചർച്ച ചെയ്യുക.

9. ആധുനികമലയാളഗദ്യത്തിന്റെ വികാസത്തിൽ പത്രമാസികകൾ വഹിച്ച പങ്ക് വിലയിരുത്തുക.

10. സാഹിത്യ വിവർത്തനം സംസ്കാരത്തിന്റെ വിവർത്തനം കൂടിയാണെന്ന അഭിപ്രായം പരിശോധിക്കുക.

11. മലയാളത്തിലെ സാഹിത്യ ചരിത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

12. മലയാളത്തിലെ സ്ത്രീവാദ നിരൂപണത്തിന്റെ സാധ്യതകളും പരിമിതികളും എന്തെല്ലാം?

13. മലയാളഭാഷയുടെ ഉൽപ്പത്തി വികാസങ്ങളെ സംബന്ധിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങളെ സംഗ്രഹിക്കുക.

14. കേരളത്തിലെ നാടൻപാട്ടുകൾ പോലുള്ള ആഖ്യാനപാരമ്പര്യങ്ങളും നാടോടി കലാപാരമ്പര്യവും നേരിടുന്ന വർത്തമാനകാലപ്രതിസന്ധികളെ കുറിച്ച് വിവരിക്കുക.

15. വിജ്ഞാനഭാഷ എന്ന നിലയിലുള്ള മലയാളത്തിന്റെ സമകാലികത വിലയിരുത്തുക.

**(10 × 5 = 50 Marks)**